**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 912** **24-02-2022 - ൽ മറുപടിയ്ക്ക്**

**ആറളം മേഖലയിലെ രൂക്ഷമായ കാട്ടാനശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ആറളം ഫാമിൽ കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ട മട്ടന്നൂർ പാണലാട് സ്വദേശി ശ്രീ. റിജേഷിന്റെ കുടുംബത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ; | (എ) | ആറളം ഫാമിൽ കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ട മട്ടന്നൂർ പാണലാട് സ്വദേശി ശ്രീ. റിജേഷിന്റെ കുടുംബത്തിന് അടിയന്തിര ധന സഹായമായി 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മരണപ്പെട്ട റിജേഷിന്റെ ആശ്രിതരിൽ നിന്നും ഇ-ഡിസ്ട്രിക്റ്റ് വഴിയുള്ള അപേക്ഷയും അനന്തരാവകാശ സർട്ടിഫിക്കറ്റും ലഭിക്കുന്നമുറയ്ക്ക് അവശേഷിക്കുന്ന 5 ലക്ഷം രൂപയും അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ആറളം മേഖലയിലെ രൂക്ഷമായ കാട്ടാനശല്യം നേരിടുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (ബി) | ആറളം ഫാം മേഖലയിലേക്ക് വന്യജീവി സങ്കേതത്തിലൂടെ ആനകൾ വരുന്നതിനെ തടയുന്നതിനായി എലിഫന്റ് പ്രൂഫ് വാൾ-5.065 കി.മീ, എലിഫന്റ്" പ്രൂഫ് ട്രഞ്ച്-3.55 കിമീ, സ്റ്റീൽ ഫെൻസിംഗ് -1.88 കി.മീ, സോളാർ ഫെൻസിംഗ്-10 കി.മീ എന്നിവ വന്യജീവി സങ്കേതത്തിനും ആറളം ഫാം പുനരധിവാസ മേഖലയ്ക്കും ഇടയിൽ നിർമ്മിക്കുകയും കാലകാലങ്ങളിൽ അറ്റകുറ്റ പണികൾ നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ ആർ.ആർ.ടി, കൊട്ടിയൂർ റെയിഞ്ച് സ്റ്റാഫ്, വന്യജീവി സങ്കേതം സ്റ്റാഫ് എന്നിവരുടെ രാത്രിയും പകലുമുള്ള പട്രോളിംഗിലൂടെ ഫാമിലും പുനരധിവാസ മേഖലയിലും ഇറങ്ങുന്ന കാട്ടാനകളെ സങ്കേതത്തിലേക്ക് തിരികെ ഓടിച്ച് കയറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ